# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

07-11-2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 722

## ചെറുകിട തുറമുഖങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ജോയി :<br>ശ്രീ. എസ്. ശർമ്മ :<br>ശ്രീ. എ. എൻ. ഷംസീർ :<br>ശ്രീ. വി. കെ. സി. മമ്മത് കോയ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എത്ര ചെറുകിട തുറമുഖങ്ങൾ ആണ് നിലവിലുള്ളത് ; എന്തെല്ലാം വ്യവസായ വാണിജ്യ ഇടപാടുകളാണ് ഇവയിലൂടെ നടന്നുവരുന്നത് ; വിശദ വിവരം നൽകുമോ ; | (എ) കേരളത്തിൽ വിഴിഞ്ഞം, വലിയതുറ, നീണ്ടകര/കൊല്ലം, ആലപ്പുഴ, കോട്ടയം, കായംകുളം, കൊടുങ്ങല്ലൂർ/പൊന്നാനി, കോഴിക്കോട്/ബേപ്പൂർ വടകര, നിലേശ്വരം/മഞ്ചേശ്വരം, തലശ്ശേരി, കണ്ണൂർ, അഴീക്കൽ, മുനമ്പം, കാസർഗോഡ്, എന്നീ നോൺ മേജർ തുറമുഖങ്ങളാണ് നിലവിലുള്ളത്. ഇവയിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ (കണ്ണൂർ) എന്നീ തുറമുഖങ്ങളാണ് പ്രവർത്തനസജ്ജമായിട്ടുള്ളത്. മാലിയിലേക്കുള്ള ചരക്കുകളും തിരദേശ കപ്പൽ ഗതാഗതം വഴിയുള്ള ചരക്കുകളും വിഴിഞ്ഞത്ത് കൈകാര്യം ചെയ്യുന്നു. കൂടാതെ വിദേശ വിനോദ സഞ്ചാരികളെ കൊണ്ടുള്ള യാത്രാ കപ്പലുകളും വിഴിഞ്ഞത്ത് വരുന്നുണ്ട്. കൊല്ലം തുറമുഖത്ത് ഇതുവരെ തിരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ടൈൽസും, മണലും, കശുവണ്ടിയും, മെഷനറികളുമാണ് വന്നിട്ടുള്ളത്. ബേപ്പൂർ തുറമുഖം പ്രധാനമായും ലക്ഷദ്വീപിലേക്കുള്ള ചരക്ക് യാത്രാ കപ്പലുകളെയാണ് കൈകാര്യം ചെയ്യുന്നത്. കൂടാതെ തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായുള്ള ചരക്കുകപ്പലുകളും ബേപ്പൂരിലെത്തുന്നുണ്ട്. അഴീക്കൽ തുറമുഖത്ത് പ്രധാനമായും തടി/പ്ളൈവുഡ് ചരക്കാണ് കൈകാര്യം ചെയ്യുന്നത്. കൂടാതെ ലക്ഷദ്വീപിലേക്കുള്ള ചരക്കും തീരദേശകപ്പൽഗതാഗത പദ്ധതിയുടെ ഭാഗമായുള്ള ചരക്കും കൈകാര്യം ചെയ്യുന്നുണ്ട്. |
| (ബി) ഈ തുറമുഖങ്ങൾ വിപുലീകരിച്ച് ചരക്കുഗതാഗതം വർദ്ധിപ്പിച്ച് റോഡിൽ നിലവിലുള്ള അമിത ഭാരം കുറയ്ക്കാൻ പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ; | (ബി) കേരള സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വച്ച് കൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളെയും യാത്രാക്കാരെയും താരതമ്യേന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദപരവുമായ ജലഗതാഗത മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ റോഡ് മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കിന്റെ |

40% 2020 ഓടെയും, 50% 2030 ഓടെയും തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലേക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| | | |
|---|---|---|
| (സി) | ചരക്കു നീക്കത്തോടൊപ്പം യാത്രാ ക്കപ്പലുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) കേരള തീരത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി യാത്രാകപ്പലുകൾ ആരംഭിക്കുന്നതിന്റെ സാധ്യത Deloitte പഠനവിധേയമാക്കിയിട്ടുണ്ട്. കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് സ്വകാര്യ മേഖലയുടെ സഹായത്തോടെ അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. ഇതിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**